# പതിമൂന്നാം കേരള നിയമസഭ

## പത്താം സമ്മേളനം

<u>നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. **4042**</u> — <u>03.02.2014-ൽ മറുപടിക്ക്</u>

## <u>പോളിയോ വാക്സിൻ ബാച്ച് നമ്പർ 'ക്യു 348'</u>

| <u>ചോദ്യം</u> | <u>മറുപടി</u> |
|---|---|
| ശ്രീ. ചിറ്റയം ഗോപകുമാർ : | ശ്രീ. വി. എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി) |
| (എ) ദേശീയ പോളിയോ നിർമ്മാർജ്ജന പരിപാടിയുമായി ബന്ധപ്പെട്ട് നൽകുന്നതിനു വേണ്ടിയുള്ള പോളിയോ വാക്സിനുകൾ സംസ്ഥാനത്ത് പ്രാഥമികമായി എവിടെ ആരുടെ ചുമതലയിലാണ് വിതരണത്തിനു മുമ്പ് സ്റ്റോക്ക് ചെയ്യുന്നത് ; | (എ) ജില്ലാ മെഡിക്കൽ ഓഫീസർമാരുടെ ചുമതലയിൽ ജില്ലാ വാക്സിൻ സ്റ്റോറുകളിലാണ് സ്റ്റോക്ക് ചെയ്യുന്നത്. |
| (ബി) 2014 ജനുവരി 19-ാം തീയതി വിതരണം ചെയ്യുന്നതിന് നൽകിയിട്ടുണ്ടായിരുന്ന പോളിയോ വാക്സിനുകളുടെ ബാച്ച് നമ്പരുകൾ ഏതെല്ലാമെന്നുള്ള പട്ടിക ലഭ്യമാക്കുമോ ; | (ബി) 63 എ.എസ്. 33037, എക്സ്പയറി ഡേറ്റ് 11/2015<br>63 എ.എസ്. 33038, എക്സ്പയറി ഡേറ്റ് 11/2015<br>63 എ.എസ്. 13037, 13038 എക്സ്പയറി ഡേറ്റ് 11/2015<br>ഭാരത് ബയോടെക് ഇന്റർനാഷണൽ ലിമിറ്റഡ് കമ്പനിയാണ് മരുന്ന് ലഭ്യമാക്കിയത്. |
| (സി) 'ക്യു 348' എന്ന ബാച്ചുനമ്പരുള്ള പോളിയോ വാക്സിൻ സംസ്ഥാനത്ത് പോളിയോ നിർമ്മാർജ്ജന പരിപാടിയുമായി ബന്ധപ്പെട്ട് ലഭ്യമാക്കിയിട്ടുണ്ടോ ; | (സി) ലഭ്യമാക്കിയിട്ടില്ല. |
| (ഡി) 2014 ജനുവരി 19-ാം തീയതി ചില വാക്സിനേഷൻ സെന്ററുകളിലേക്ക് 'ക്യു 348' എന്ന ബാച്ചു നമ്പരിലുള്ള വാക്സിനുകൾ നൽകേണ്ടതില്ല എന്ന് ആരോഗ്യ കേന്ദ്രങ്ങളിൽ നിന്ന് നിർദ്ദേശം നൽകുകയുണ്ടായിട്ടുണ്ടോ ; | (ഡി) ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റിൽ നിന്നും എല്ലാ ജില്ലാ മെഡിക്കൽ ഓഫീസർമാർക്കും നിർദ്ദേശം നൽകിയിരുന്നു. എന്നാൽ 'ക്യു 348' എന്ന ബാച്ചിലുള്ള വാക്സിൻ കേരളത്തിൽ വിതരണം ചെയ്തിട്ടില്ലാത്തതായിരുന്നു. |
| (ഇ) എങ്കിൽ പ്രസ്തുത നിർദ്ദേശം നൽകുന്നതിന് കാരണമായ സാഹചര്യം വിശദമായി വ്യക്തമാക്കാമോ ? | (ഇ) മദ്ധ്യപ്രദേശിലെ ചാത്തർപൂർ ജില്ലയിലെ സി.എച്ച്.സി ബൽദേഗർ-ൽ നൽകിയ തുറക്കാത്ത വാക്സിന്റെ ഉള്ളിൽ പ്രാണികൾ കാണപ്പെട്ടതായി കേന്ദ്ര സർക്കാർ റിപ്പോർട്ട് ചെയ്തിരുന്നു. ആയതിനാലാണ് ഈ നമ്പരിലുള്ള വാക്സിൻ കേരളത്തിൽ എത്തിയിട്ടുണ്ടെങ്കിൽ വിതരണം നിർത്തിവയ്ക്കാൻ ആവശ്യപ്പെട്ടത്. |

v

സെക്ഷൻ ഓഫീസർ